

THURSDAY 11/09/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 11/09/2025

1. ഓണവിപണിയിൽ താരമായി കൃഷി വകുപ്പിന്റെ കർഷക ചന്തകൾ.കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ചത് 2510 മെട്രിക് ടൺ പച്ചക്കറികൾ. പഴം പച്ചക്കറി വിപണിയയിൽ ഇത്തവണയും താരമായി കൃഷി വകുപ്പിന്റെ കർഷക ചന്തകൾ. കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 1 മുതൽ 4 വരെ സംസ്ഥാനത്തുടനീളം 2000 വിപണന കേന്ദ്രങ്ങൾ വഴിയാണ് ആകെ 3446 മെട്രിക് ടൺ പച്ചക്കറികൾ സംഭരിച്ചത്. ഇതിൽ 2510 മെട്രിക് ടൺ സംഭരിച്ചത് നേരിട്ട് കർഷകരിൽ നിന്നാണ്. സംഭരണ തുകയായ 10.05 കോടി രൂപയിൽ ഭൂരിഭാഗവും കർഷകർക്ക് ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ഓണവിപണിയിലെ അനിയന്ത്രിതമായ വിലക്കയറ്റം തടയാനും കർഷകർ ഉത്പാദിപ്പിച്ച ഉൽപ്പന്നങ്ങൾക്ക് മികച്ച വില ഉറപ്പ വരുത്താനും ഉദ്ദേശിച്ച് നടപ്പിലാക്കുന്ന കർഷകച്ചന്തകളിലൂടെ ഓണക്കാലത്ത് പരമാവധി സുരക്ഷിത ഭക്ഷണം പൊതുജനത്തിന് ഉറപ്പ വരുത്തുന്നതിനാണ് കൃഷി വകുപ്പ് ലക്ഷ്യം വെയ്ക്കുന്നത്. ഇത്തവണ സംസ്ഥാനത്തെ കർഷക ചന്തകളിലൂടെ ആകെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംഭരിച്ചത് 1533.14 ലക്ഷം രൂപ മൂല്യമുള്ള 3446 മെട്രിക് ടൺ പഴം/പച്ചക്കറികൾ എന്നിവയാണ്. ഇതിൽ 1840 മെട്രിക് ടൺ കൃഷിഭവനുകൾ സംഘടിപ്പിച്ച കർഷക ചന്തകൾ മുഖേനെയും, 1352 ടൺ ഹോർട്ടികോർപ്പ് മുഖേനെയും 254 മെട്രിക് ടൺ VFPCK മുഖേനയും സംഭരിച്ചു. ഈ ഓണം കേരളഗ്രോക്കൊപ്പം എന്ന ആശയം അവതരിപ്പിച്ച ഈ വർഷത്തെ കർഷക ചന്തകളിലൂടെ 18.5 ലക്ഷം രൂപയുടെ കേരളഗ്രോ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിറ്റഴിക്കാൻ കഴിഞ്ഞു. കൃഷിഭവനുകൾകേന്ദ്രികരിച്ച് 1076 വിപണികളും, ഹോർട്ടികോർപ്പിന്റെ 764 വിപണികളുംവി.എഫ്.പി.സി.കെ.നടപ്പിലാക്കുന്ന 160 വിപണികളും ഉൾപ്പെടെ ആകെ 2000 കർഷക ചന്തകളാണ് ഈ വർഷം കൃഷിവകുപ്പ് ഒരുക്കിയത്. പൊതുവിപണിയിലെ വിലയുടെ 10% അധികം വില നൽകി കർഷകരിൽ നിന്നും സംഭരിച്ച പഴം പച്ചക്കറികൾ വിപണി വിലയേക്കാൾ 30% വരെ വില കുറച്ചാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കിയത്.

2. കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രികൾച്ചറൽ ടെക്നോളജി

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാനേജ്മെൻ്റ് ഏജൻസി (ആത്മ) പ്രോഗ്രാമിന് കീഴിൽ സ്റ്റേറ്റ് കോർഡിനേറ്റർ തസ്തികയിലെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു (ഒരു ഒഴിവ് ) . പ്രായപരിധി 60 വയസ്സ്. പ്രതിഫലം പ്രതിമാസം 50,000/- രൂപ. കാലാവധി 1 വർഷം. കൃഷി, കൃഷി വിപണനം, അഗ്രോണമി, ഹോർട്ടികൾച്ചർ, ഫിഷറീസ്, മണ്ണ് ശാസ്ത്രം, കാർഷിക സാമ്പത്തികശാസ്ത്രം തുടങ്ങിയ കൃഷി അനുബന്ധ മേഖലകളിലെ ഡോക്ടറേറ്റ് അല്ലെങ്കിൽ ബിരുദാനന്തര ബിരുദം ആണ് യോഗ്യത. ഡോക്ടറേറ്റ് ഡിഗ്രി ഉള്ളവർക്ക് കോർഡിനേഷൻ, ആസൂത്രണം എന്നിവയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയവും, ബിരുദാനന്തര ബിരുദം ഉള്ളവർക്ക് 20 വർഷത്തെ പ്രവർത്തി പരിചയവും ആവശ്യമാണ്. സർക്കാർ മേഖലയിലെ സേവന പരിചയം അഭിലഷണീയം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റ സഹിതം 20/09/2025 നകം ഡയറക്ടർ, കാർഷിക വികസന-കർഷക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033 എന്ന വിലാസത്തിലേക്കോ nodalatmakerala@gmail.com എന്ന മെയിൽ ഐഡിയിലേക്കോ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ ഇൻ്ററർവ്യൂവിൻ്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതാണ്.

3. കേരള കാർഷിക സർവകലാശാലയിലെ സെൻ്റർ ഫോർ ഇ – ലേണിംഗ് വികസിപ്പിച്ചെടുത്ത കെ എ യു അഗ്രി ഇൻഫോടെക് പോർട്ടലിൻ്റെ നവീകരിച്ച പതിപ്പ് പുറത്തിറക്കി. കർഷകർ, വിജ്ഞാന വ്യാപന പ്രവർത്തകർ, ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ തുടങ്ങി കൃഷിയെ അറിയാൻ ആഗ്രഹിക്കുന്ന ഏവർക്കും ലളിതമായി ഇംഗ്ലീഷിലും മലയാളത്തിലും ഒരുപോലെ ഉപയോഗിക്കാവുന്ന കൃഷി സാങ്കേതിക വെബ്സൈറ്റ് ആണ് KAU Agri-infotech Portal. കേരള കാർഷിക സർവ്വകലാശാലയും മറ്റ് കാർഷിക ഗവേഷണ സ്ഥാപനങ്ങളും വികസിപ്പിച്ചെടുത്ത സാങ്കേതിക അറിവുകൾ ഏവർക്കും വിരൽത്തുമ്പിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിൽ ഈ വെബ്സൈറ്റ് പ്രവർത്തിക്കുന്നു .

4. ജന്തുജന്യ രോഗങ്ങളിൽ ഏറ്റവും മാരകവും, ചികിത്സയില്ലാത്തതും രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ചു തുടങ്ങിയാൽ മരണം സുനിശ്ചിതവുമായ രോഗമാണ് പേവിഷബാധ. കേരളത്തിൽ പ്രധാനമായും രോഗം ബാധിച്ച നായകളുടെയും പൂച്ചകളുടെയും കടിയിലൂടെയാണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പേവിഷബാധ പകരുന്നത്. വീട്ടിൽ വളർത്തുന്ന അരുമ മൃഗങ്ങളെ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുന്നതിലൂടെ ഈ മാരകരോഗത്തിൽ നിന്നും അവയെ രക്ഷപ്പെടുത്തുന്നതിനോടൊപ്പം നമ്മുടെ ജീവന് സുരക്ഷയും ജീവിതത്തിന് ആനന്ദവും ലഭിക്കുവാൻ സാധിക്കും. കാട്ടാക്കട പഞ്ചായത്തിലെ മുഴവൻ വളർത്തുനായ്ക്കളെയും പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ നടത്തുന്നതിനും ലൈസൻസ് എടുക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകുന്നതിനുമായി സെപ്തംബർ 10 മുതൽ 25 വരെ നിശ്ചിത കേന്ദ്രങ്ങളിൽവെച്ച് വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചിരിക്കുന്നു. പ്രസ്തുത ക്യാമ്പുകളിൽ വെച്ച് നായ്ക്കൾക്ക് സൗജന്യ നിരക്കിൽ പേവിഷബാധ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നു. നായ ഒന്നിന് വാക്സിനേഷൻ ചാർജ്ജായി 55 രൂപ (രൂപ അൻപത്തി അഞ്ച് മാത്രം) വീതം നൽകേണ്ടതാണ്.

<u>**പരിശീലന പരിപാടി**</u>

5. വെള്ളായണി കാർഷിക കോളേജിലെ കൈറ്റിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 16

ചൊവ്വാഴ്ച "ഹൈഡ്രോപോണിക്സ് പരിശീലനം" നടത്തുന്നു. പരിശീലനത്തോടനുബന്ധിച്ച് ഹൈഡ്രോപോണിക്സ് യൂണിറ്റിലേക്ക് സന്ദർശനവും ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ 8891540778 എന്ന നമ്പറിൽ പ്രവർത്തിദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകിട്ട് 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ₹1000/-. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് മാത്രമാണ് പ്രവേശനം ലഭിക്കുക.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ "തീറ്റപ്പുൽ കൃഷി" എന്ന വിഷയത്തിൽ ഇന്ന് (11/09/2025) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ അടിസ്ഥാന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 0491 2815454. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗത്തിൽ സെപ്റ്റംബർ 16 ന് ടർക്കി കോഴി വളർത്തൽ, 23, 24 തീയതികളിൽ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുട്ടക്കോഴി വളർത്തൽ എന്നീ വിഷയങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ സൗജന്യ പരിശീലനം നൽകും. പങ്കെടുക്കുന്നതിന് സെൻട്രൽ ഹാച്ചറി പരിശീലന വിഭാഗത്തിലെ 0479 2452277, 2457778, 7736336528 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

## കാർഷിക നിർദേശം

അന്തരീക്ഷ ഊഷ്മാവ് കൂടിവരുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റി കുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം